## ഇ -മലയാളി കവിത മത്സരം 2024

## വർഷം 77- കവിത

അജയ് ഗോപാൽ

കാളരാത്രി  പുലർന്നു കിട്ടാ -
നിനിയുമെന്തിത്ര  താമസം?
മേഘമൽഹാറുണർത്തിയിട്ടും
വാനമിനിയും  മരുഭൂമിയോ?
നിങ്ങളെന്തിനെൻ  നിഷ്കളങ്കനാമുണ്ണിയെ,
മരിച്ചു കഴിഞ്ഞിട്ടും  മഴയത്തു നിർത്തി?
സ്പന്ദനം  നിലച്ചസ്ഥിമാടവും
പഞ്ചഭൂതങ്ങൾ  പങ്കുവെയ്ക്കവേ,
സ്പന്ദനങ്ങൾ  ഞാൻ  കാത്തുവെച്ചിതെൻ,
സ്പന്ദിക്കുന്നൊരെൻ  അസ്ഥിമാടങ്ങളിൽ.

ഒരു  വരമെന്നപോലെ  നീ  എന്നെങ്കിലും  മുന്നിൽ
മകനായ്പ്പിറന്നിടാൻ  സ്വപ്നങ്ങൾ  നെയ്തു  ഞാൻ
സ്വപ്നങ്ങൾ  മിഥ്യകൾ - അറിയാമിതെന്നാലും
കൂടുകൂട്ടുന്നിതെൻ  ഹൃദയത്തിൽ  മാത്രം!

കണ്ണുനീർ  തൂകിക്കൊണ്ടീ  സന്ധ്യാവീഥികൾ
നിന്നമ്മ  കഴുകിപ്പവിത്രമായ്  കാത്തുവെ -
ച്ചെന്നെങ്കിലും  നിൻ  പദസ്വനം  കേൾക്കുവാൻ
അറിയാം,  വരില്ല  നീ!  എന്നാകിലും  കൊതി –
ക്കണ്ണാലെ  പരതുന്നു  നീ  മാഞ്ഞ  വാനിലും.
ഒരു  കൂന  സ്വപ്നത്തിനൊരുനുള്ളു  ചാരമോ

ഈ ജന്മപുണ്യത്തിൻ കടമോ കടപ്പാടോ
തീർക്കാതെ പോയതിൻ പരിഭവമുണ്ടിന്നും
ആയുസ്സുകൊണ്ടുഞാൻ തർപ്പണം ചെയ്യാം, നിൻ
ആത്മാവിനെന്നെന്നും ശാന്തി ലഭിച്ചിടാൻ.

കരൾനീറി ഒടുവിലായ് നിന്നടുത്തെത്തിയൊ-
രമ്മയുമെന്നെ തനിച്ചാക്കി ഭൂമിയിൽ
ഇന്നെൻ ചിതാഭസ്മം ഗംഗയിലേറ്റുവാൻ
കടം വാങ്ങൂ ജന്മം, എൻ മകനായ് പിറക്കൂ.

കാലമെന്നെങ്കിലുമൊരു മൂന്നാം പക്കത്തിരയിൽ
നിന്നെത്തിരികെത്തന്നേക്കാമെങ്കിലും,
ആ കരയിൽ നിനക്കായ് കാത്തിരിക്കാൻ
ഞാനില്ല - കരുണ കാട്ടില്ല കാലം
അന്നും നീ അനാഥൻ!
നീ മീട്ടും കാലതന്ത്രിവഴിയും മൃദുസ്വനം കേട്ടേ -
ഞാനുറങ്ങുമാ ശവപ്പറമ്പിൽ,
ഇന്നീ ശുഭാപ്തി ജ്വലിപ്പിച്ചുയർത്തുമെ -
ന്നാത്മാവിനന്തർദ്ദാഹങ്ങൾ,
അണയാതെ കാക്കാൻ തുണയ്ക്കട്ടെ
ഭൂമിയിലിനിയും മകനായ് - മകൾക്കായ്
പകർന്നാടി മതിവരാതോരോരോ രാവും
റാന്തലിൻ തിരിതാഴ്ത്താത്തോരോരോ ഇറയത്തും,
കൊളുത്തും കാത്തിരിപ്പിൻ കെടാവിളക്കുകൾ.
മുത്തശ്ശിക്കഥയിൽ എന്നോർമ്മകൾ ശരിയെങ്കിൽ
മാനത്തു മിന്നിത്തിളങ്ങുന്ന താരകൾ
പരലോക ജന്മഹരിശ്രീ കുറിച്ചവർ.

*********************************